ANNUAL SUBCRIPTION Rs. 100



മലങ്കര ഓർത്തഡോക്സ് സ്വതന്ത്ര സുറിയാനി സഭയുടെ മുഖപത്രം

# തദ്ദേവൂസ്

"വിശുദ്ധന്മാർക്ക് ഒരിക്കലായിട്ട് ഭരമേല്പിച്ചിരിക്കുന്ന വിശ്വാസത്തിനുവേണ്ടി പോരാടേണ്ടതിനു……." (യൂദാ:3)



Vol No. XIII | Issue No. 6 | 4 Pages | PUBLISHED FROM AMAYANNOOR - KOTTAYAM | 8 JUNE 2017

## ക്രിസ്ത്യാനികളെ കൊന്നുമുടിക്കുന്നതു അവസാനിപ്പിക്കുവാൻ ലോകരാജ്യങ്ങൾ ഒന്നിക്കണം

**തദ്ദേവൂസ്**

**തീ**വ്രവാദി സംഘടനകൾ ക്രിസ്ത്യാനികളെ കൊന്നുതള്ളുകയാണ്. മുസ്ലീം തീവ്രവാദികൾ ലോകം പിടിമുറുക്കുന്നു. അവരിൽനിന്നും മനുഷ്യസമൂഹത്തെ രക്ഷിക്കുവാൻ ലോക രാഷ്ട്രങ്ങൾ സംഘടിക്കണം.

ശൈശവകാലം മുതലേ പീഡകൾ ഏറ്റുവാങ്ങി വളർന്നുവന്ന ഒരു സമൂഹമാണ് ക്രിസ്തുസഭ. ഒരു ചെറിയ സമൂഹമായിരുന്ന ക്രിസ്ത്യാനികൾ പീഡകളും കഷ്ടപ്പാടുകളും സഹിച്ചു വളർന്നുവന്നതാണ്. ക്രിസ്തീയ ദർശനം ലോകം മുഴുവനും വ്യാപിക്കുകയും ജനങ്ങളെ സ്വാധീനിക്കുകയും ചെയ്തതിനാലാണ് ക്രിസ്തീയ സഭ ലോകത്തിലെ ഏറ്റവും വലിയ സഭയായി വളർന്നു വന്നത്. എന്നാൽ ഇന്നത്തെ അവസ്ഥ വളരെ പരിതാപകരമാണ്. ക്രിസ്തീയ വിശ്വാസികളുടെ അന്തകനായി മുസ്ലീം മത തീവ്രവാദികൾ അരങ്ങ് കൊഴുപ്പിക്കുകയാണ്. പൗരാണിക ക്രിസ്തീയ ആസ്ഥാനങ്ങളിൽ പലതും മുസ്ലീങ്ങളുടെ കരങ്ങളിലായി. ക്രിസ്തീയ രാജ്യങ്ങൾ എന്ന് അറിയപ്പെട്ടിരുന്ന പല രാജ്യങ്ങളും മുസ്ലീം തീവ്രവാദി സംഘടനകളുടെ സഹായത്തോടെ മുസ്ലീം രാഷ്ട്രങ്ങളാക്കി മാറ്റിയിരിക്കുന്നു എന്നു ചരിത്രം പഠിക്കുന്നവർക്കറിയാം. ക്രിസ്തീയ സംസ്കാരത്തിന്റെ കളിത്തൊട്ടിലായിരുന്ന അന്ത്യോഖ്യ ഇന്ന് എവിടെ? കെയ്റോയിലും തീവ്രവാദികൾ ക്രിസ്ത്യാനികളെ കൊന്നു തള്ളുകയാണ്. അലക്സാണ്ട്രിയായയും ഈജിപ്തും എല്ലാമെല്ലാം അവർ അധികം വൈകാതെ കാൽക്കീഴിലാക്കും. ആഫ്രിക്കയിൽ അറിയപ്പെട്ടിരുന്ന ക്രിസ്തീയ രാജ്യങ്ങൾ ഇന്ന് ഇസ്ലാമിക് രാജ്യങ്ങളായി മാറ്റപ്പെട്ടു കഴിഞ്ഞു. ക്രിസ്ത്യാനികളെ നിരത്തി നിർത്തി, ഓരോരുത്തരെ പിടിച്ചുകൊണ്ടുവന്ന് വലിയ കുഴി ഉണ്ടാക്കി അതിന്റെ അടുത്തു കിടത്തി നെഞ്ചത്തും കാലിലും ഒക്കെ ചവിട്ടിപിടിച്ച് കഴുത്ത് അറുത്ത് ജീവനോടെ വലിയ കുഴിയിലേക്ക് വലിച്ചെറിയുന്ന ദൃശ്യം ഇന്ന് നവമാദ്ധ്യമങ്ങളിൽ വൈറൽ ആയിട്ടുണ്ട്. ഓരോരുത്തരുടെ കഴുത്തിൽ കത്തിവയ്ക്കുമ്പോൾ ചീറ്റുന്ന രക്തംകണ്ട് ആഘോഷിക്കുന്ന തീവ്രവാദികളും, പരിഭ്രമിച്ചു കണ്ടു നിൽക്കുന്ന ക്രിസ്തീയ സഹോദരങ്ങളുടെയും വീഡിയോ അധികസമയം നോക്കി നിൽക്കുവാൻ സാദ്ധ്യമല്ല. അത്രയ്ക്കു ഹീനവും പൈശാചികവുമായ രീതിയാണ് മുസ്ലീം മതതീവ്രവാദികൾ, പ്രത്യേകിച്ചും ആഫ്രിക്കൻ രാജ്യങ്ങളിൽ നടത്തുന്നത്.

ക്രിസ്തീയ സഭകളുടെ അനൈക്യവും വർഗ്ഗവിവേചനവും അവരെ അശക്തരാക്കുന്നു. എത്ര കിട്ടിയാലും പഠിക്കാത്ത ക്രിസ്ത്യാനികൾ - കൊല്ലപ്പെടുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവാൻ ആവശ്യപ്പെടുകയും പ്രാർത്ഥിച്ചു എന്നു വിളിച്ചുപറയുകയും ചെയ്യുന്നതുതന്നെ ഒരു നല്ല ലക്ഷണമല്ല. അതുകൊണ്ട് എന്തു പ്രയോജനം? ക്രിസ്ത്യൻ രാജ്യമായിരുന്ന എത്യോപ്യ, എർത്തിറിയ തുടങ്ങിയ പ്രദേശങ്ങളും മുസ്ലീങ്ങൾ പിടിച്ചെടുക്കുകയണ്. പണവും തീവ്രവാദവും അതിന് ആധാരമാണ്. **ഇങ്ങനെ പോയാൽ വത്തിക്കാനും അധികം വൈകാതെ മുസ്ലീങ്ങളുടെ പിടിയിൽ അമരുന്ന കാലം വരുന്നു**. തെക്കെ ഇൻഡ്യയിൽ ക്രിസ്ത്യാനികളുടെ പ്രധാന കേന്ദ്രമായിരുന്ന മലബാറിന്റെ അവസ്ഥ പഠിക്കണം. അവിടെ ഉണ്ടായിരുന്ന ബഹുശതം ക്രിസ്ത്യാനികളും ഇസ്ലാംമതം സ്വീകരിക്കുവാൻ നിർബന്ധിതരായി. ടിപ്പുസുൽത്താന്റെ പടയോട്ടം അതിനു മുഖാന്തിരമായി. അംഗസംഖ്യ വർദ്ധിപ്പിച്ച് അധികാരം നേടിയെടുക്കുക മാത്രമല്ല, തീവ്രവാദത്തിലൂടെ മുസ്ലീം രാജ്യമാക്കുക എന്നാണ് അവരുടെ പരസ്യമായ അജണ്ട. അമേരിക്കൻ പ്രസിഡന്റ് ട്രംപ് മുസ്ലീംങ്ങൾക്ക് നിരോധനം ഏർപ്പെടുത്തുവാൻ ശ്രമിച്ചു എങ്കിലും കോടതികൾ ഇടപെട്ടതിന്റെ വെളിച്ചത്തിൽ അദ്ദേഹം പരാജയപ്പെടുകയാണുണ്ടായത്. ട്രംപിന്റെ തീരുമാനം ഉചിതമായിരുന്നു എന്ന് കാലംതെളിയിക്കും. ലോകം മുഴുവനും ഇസ്ലാമിക് ശക്തിയായി മാറ്റിയെടുക്കുക എന്നതാണ് തീവ്രവാദികളുടെ കൃത്യമായ അജണ്ട. ഇത് അറിയാത്തവർ ആരുംതന്നെയില്ലെങ്കിൽപോലും പ്രതികരിക്കുവാനും എതിരെ പ്രവൃത്തിക്കുവാനും രാജ്യങ്ങൾ കൈകോർക്കാത്തതിൽ ആശങ്ക ഉണ്ട്.

## മലങ്കര കത്തോലിക്കാ സഭയുടെ ജലജാഗ്രതാ സേനയ്ക്ക് തുടക്കം കുറിച്ചു

**മഴക്കുഴികൾ നിർമ്മിക്കാൻ ഇടയലേഖനം**

**മ**ഴവെള്ളം സംഭരിക്കുന്നതിനായി മലങ്കര കത്തോലിക്കാ സഭ ജലജാഗ്രതാ സേനയ്ക്ക് രൂപം നൽകി. തിരുവനന്തപുരം മേജർ അതിരൂപതയിലെ എല്ലാ ഇടവകകളിലും സേന രൂപീകരിച്ച് മഴക്കുഴികൾ നിർമ്മിക്കും. അതിരൂപതയിലെ സാമൂഹികസേവന വിഭാഗമായ മലങ്കര സോഷ്യൽ സർവീസ് സൊസൈറ്റി നേതൃത്വത്തിലാണ് പരിപാടി.

ആദ്യഘട്ടം പരിശീലനം പൂർത്തിയാക്കിയ മുന്നൂറംഗ വാളണ്ടിയർ സംഘത്തിന്റെ ഉദ്ഘാടനം മെയ് 31 ന് ഉച്ചയ്ക്ക് പന്ത്രണ്ടിന് പട്ടം കാതോലിക്കേറ്റ് സെന്റർ ഓഡിറ്റോറിയത്തിൽ മന്ത്രി മാത്യു ടി. തോമസ് നിർവ്വഹിച്ചു. കർദ്ദിനാൾ മാർ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവാ അദ്ധ്യക്ഷത വഹിച്ചു. പരിശീലന പരിപാടി മുൻമന്ത്രി മുല്ലക്കര രത്നാകരൻ എം.എൽ.എ. ഉദ്ഘാടനം ചെയ്തു. സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ രക്തദാനസേനയുടെ ഉദ്ഘാടനം മന്ത്രി കെ. രാജു നിർവ്വഹിച്ചു.

ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് തിരുവനന്തപുരം മേജർ അതിരൂപതയിലെ ഇടവകകളിൽ വായിക്കുന്നതിനുള്ള ഇടയലേഖനം പ്രസിദ്ധീകരിച്ചു. ശുദ്ധജല ലഭ്യത നാൾക്കുനാൾ കുറയുന്ന സാഹചര്യത്തിൽ പരമാവധി മഴവെള്ളം മണ്ണിൽ ശേഖരിക്കുവാൻ ബാവാ ആഹ്വാനം ചെയ്തു. ജലസാക്ഷരതാ പരിപാടികൾ, ജലജാഗ്രതാ സേന, മഴക്കുഴി നിർമ്മാണം എന്നിവയാണ് ഇടയലേഖനത്തിൽ നിർദ്ദേശിക്കുന്ന കർമ്മ പരിപാടികൾ. പള്ളികളും പരിസരവും സെമിത്തേരികളും ശുചിയായി സൂക്ഷിക്കുവാനും പ്ലാസ്റ്റിക്, ഫ്ളക്സ് ബോർഡുകൾ ഒഴിവാക്കുവാനും ഇടയലേഖനം നിർദ്ദേശിക്കുന്നു.

## ജനാരോഗ്യം സംരക്ഷിക്കും:

### ജോർജ് കുര്യൻ – ന്യൂനപക്ഷ കമ്മീഷൻ വൈസ് ചെയർമാൻ

**ക**ന്നുകാലി വിൽപനയ്ക്കും കശാപ്പിനും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയ കേന്ദ്രസർക്കാർ ഉത്തരവ് പാലിച്ചാൽ കേരളത്തിലെ ജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കാനാകുമെന്നു ദേശീയ ന്യൂനപക്ഷ കമ്മീഷൻ അംഗം ജോർജ് കുര്യൻ അഭിപ്രായപ്പെട്ടു. കർണ്ണാടകത്തിലും തമിഴ്നാട്ടിലും നിന്നു കന്നുകാലികളെ ലഭ്യമാക്കണമെന്നു നിർബന്ധമാണെങ്കിൽ സംസ്ഥാന സർക്കാരുകളും കേന്ദ്രസർക്കാരും കൂടിയാലോചിച്ചു പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തണമെന്ന് അദ്ദേഹം പറഞ്ഞു. ദേശീയ ന്യൂനപക്ഷ കമ്മീഷൻ അംഗമായി ജോർജ് കുര്യൻ ചുമതലയേറ്റു.



*ദേശീയ ന്യൂനപക്ഷ കമ്മീഷൻ അംഗമായി ചുമതലയേറ്റ ജോർജ് കുര്യനെ കമ്മീഷൻ ചെയർമാൻ ഗയ്റുൽ ഹസ്സൻ റിസ്‌വി സ്വീകരിക്കുന്നു.*

**മഹാപുരോഹിത സന്ദേശം**

## ഇരുട്ടുനീക്കുവാൻ നമുക്കു കഴിയണം



**ക**ർത്താവിൽ വാത്സല്യമുള്ളവരെ,

ഇരുട്ടും വെളിച്ചവും കോസ്മിക് നിയമമാണ്. ജീവിതത്തിലും അത് മാറി മറിഞ്ഞു വരുമെന്നതും യാഥാർത്ഥ്യമാണ്. അന്ധകാരത്തെ അകറ്റാൻ വെളിച്ചമെത്തണം. എന്നാൽ ഇരുളും വെളിച്ചവും പരസ്പരം ശത്രുക്കൾ അല്ല. കാരണം ഇരുട്ടിന് അതിന്റേതായ അസ്തിത്വം ഇല്ല. ഇരുട്ടിനെ വെളിച്ചംകൊണ്ട് അകറ്റുവാൻ കഴിയുമെങ്കിലും വെളിച്ചത്തെ ഇല്ലാതാക്കാൻ ഇരുട്ടിന് കഴിയുകയില്ലല്ലോ? കാർമേഘപടലങ്ങളിലും ഒരു വെള്ളിരേഖ കാണുന്നതുപോലെ വെളിച്ചത്തിന് അതിന്റേതായ നിലനില്പുണ്ട്. വെളിച്ചം നശിപ്പിക്കാത്തിടത്തോളം കാലം ഇരുട്ടു വ്യാപിക്കുകയില്ല. എവിടെ വെളിച്ചം ഉണ്ടോ അവിടെ ഇരുട്ട് ഉണ്ടാവില്ല; എവിടെ വെളിച്ചം ഇല്ലാതാവുന്നു, അവിടെ ഇരുട്ടാണ്; അന്ധകാരമാണ്. വെളിച്ചത്തിന്റെ അഭാവമാണ് ഇരുട്ട് എന്ന് സാരം.

നമ്മിലുള്ള ഇരുട്ട് നീക്കുവാൻ നമുക്ക് കഴിയണം. അപ്പോൾ വെളിച്ചം താനേ വന്നുകൊള്ളും. മറ്റുള്ളവർ എന്തുപറഞ്ഞാലും വിചാരിച്ചാലും നമ്മെപ്പറ്റിയുള്ള ശരിയായ മതിപ്പ് നമുക്കുണ്ടാവണം. അതിന് നാം ചില തീരുമാനങ്ങൾ എടുക്കണം.

ഏതു പ്രതിബന്ധങ്ങളെയും ഞാൻ യേശുവിന്റെ നാമത്തിൽ നേരിടും. ഇന്നുള്ളതിനേക്കാൾ ഉയർന്ന നിലയിൽ ഞാൻ എത്തുക തന്നെ ചെയ്യും എന്ന് പൂർണ്ണമായി വിശ്വസിക്കുക. കാരണം എനിക്കതിന് കഴിവുണ്ട്. മറ്റുള്ളവരിലെ നന്മകൾ കണ്ടുപഠിക്കുകയും കൂടുതൽ നല്ല പ്രവൃത്തികൾ ചെയ്യാൻ ശ്രമിക്കുകയും ചെയ്യുക. ഏത് ആപത്തിലും അനർത്ഥങ്ങളിലും ഭയപ്പെടാതെ ധീരതയോടെ അതിനെ നേരിടുക; വിജയിക്കുക. സത്യത്തിനു നിരക്കാത്ത ഒന്നിനും കൂട്ടുനിൽക്കുകയോ, നമ്മുടെ സ്വാതന്ത്ര്യത്തെ നശിപ്പിക്കുന്ന എന്തിനോടും പൊരുതും എന്ന ദൃഢചിന്തയും നല്ല വാക്കുകളും ജനങ്ങളെ എത്ര കണ്ട് സേവിക്കുവാനുള്ള ഒരുക്കവും നമ്മെ ഇരുട്ടിൽനിന്നും പ്രകാശത്തിലേക്ക് നയിക്കും. അതിനുവേണ്ടിയായിരിക്കട്ടെ നമ്മുടെ ചിന്തയും പ്രവൃത്തിയും ജീവിതവും...

വിജയാശംസകളോടെ...

**കർത്താവിൽ നിങ്ങളുടെ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത**

മലങ്കര ഓർത്തഡോക്സ് സ്വതന്ത്ര സുറിയാനി സഭയുടെ മുഖപത്രം

# തദ്ദേവൂസ്

Vol : 13 Issue No. 6 8 JUNE 2017

എഡിറ്റോറിയൽ

## ഇന്നുള്ള വികലമായ വിദ്യാഭ്യാസരീതി മാറ്റണം

**ഒ**രു പുതിയ വിദ്യാഭ്യാസ വർഷത്തിലേക്ക് നമ്മുടെ കുട്ടികൾ പ്രവേശിക്കുകയാണ്. ബാലപാഠം പഠിക്കുവാൻ ആദ്യമായി സ്കൂൾപടി കയറുന്ന കുട്ടികൾക്കും പ്രൊമോഷൻ ലഭിച്ച് ഉയർന്ന ക്ലാസ്സിലേക്ക് പഠിക്കുവാൻ വെമ്പൽ കൊള്ളുന്നവർക്കും ഒരു പ്രത്യേക അനുഭൂതിയാണ് ഉണ്ടാകുന്നത്. പുതിയ യൂണിഫോം, കുട, ചെരിപ്പ്, പാഠപുസ്തകങ്ങൾ, ബുക്കുകൾ സർവ്വതും പുതിയത്. അതുപോലെ വിദ്യാഭ്യാസരീതിയിലും ഒരു പുതുമ ഉണ്ടാകണം. നല്ല പൗരന്മാരായി വാർത്ത് വളർത്തിയെടുക്കുന്ന മൂശയാണ് വിദ്യാലയങ്ങൾ. അതിനനുസരിച്ച് അദ്ധ്യാപകർ വർത്തിക്കണം. "രാജ്യത്തിന്റെ യഥാർത്ഥ സ്രഷ്ടാക്കൾ അദ്ധ്യാപകരാണെന്ന്" മൊറാർജി ദേശായി പറഞ്ഞത് അദ്ധ്യാപകർ ഉൾക്കൊള്ളണം. അക്കാദമിക് യോഗ്യതകൾ വാരിക്കൂട്ടിയാൽ പോരാ, സനാതനമായ ധാർമ്മിക മൂല്യങ്ങൾകൂടി അദ്ധ്യാപകരുടെ ജീവിതത്തിൽ അനിവാര്യമാണ്. ഇന്നത്തെ വിദ്യാഭ്യാസ വ്യവസ്ഥിതിയിൽ നിന്നും അപ്രത്യക്ഷമായതും അതുതന്നെയാണ്.

രണ്ടാമതായി പല കുട്ടികളും ഭംഗിയായി എഴുതുവാനും വായിക്കുവാനും പഠിച്ചിട്ടില്ല. പ്ലസ് ടു തോറ്റ ഒരു മലയാളി വിദ്യാർത്ഥിക്ക് മലയാളം, ഇംഗ്ലീഷ് തുടങ്ങിയ ഭാഷകൾ എഴുതുവാനും വായിക്കുവാനും അറിയത്തില്ല എന്നു പറഞ്ഞാൽ അതിന്റെ ഉത്തരവാദി ആ കുട്ടിയല്ല; അദ്ധ്യാപകനും പ്രത്യേകിച്ചും ഗവൺമെന്റും ആണ്. ഇവർ എങ്ങനെ പ്ലസ് ടു വരെ ജയിച്ചെത്തി എന്നുള്ളത് ഒരു അത്ഭുതമാണ്. ഇപ്പോൾ അതിലൊരു മിടുക്കൻ ക, കാ, കി, കീ പഠിക്കുകയാണ്. അത് ഒരു വശത്ത്.

ഒന്നാമതായി വിദ്യാഭ്യാസത്തിലൂടെ നാം നേടിയെടുക്കേണ്ടത് പ്രതിസന്ധികളെ തരണം ചെയ്യാനുള്ള മനക്കരുത്താണ്. ആത്മശിക്ഷണവും സംസ്കാര സമ്പത്തും സഹാനുഭൂതിയും സാമൂഹ്യപ്രതിബദ്ധതയും സഹിഷ്ണുതാബോധവും ലഭിക്കുവാനുള്ളതാവണം വിദ്യാഭ്യാസം. ബിരുദവും ബിരുദാനന്തര ബിരുദവും ഡോക്ടറേറ്റും ബഹുഭാഷയിൽ അറിവും നേടിയതുകൊണ്ട് ഒരാൾ വിദ്യാസമ്പന്നനാകണമെന്നില്ല. "തലച്ചോറിൽ കുത്തിയിറക്കപ്പെടുന്ന വിവരങ്ങളുടെ ആകെത്തുകയല്ല വിദ്യാഭ്യാസം. നമുക്ക് വേണ്ടത് ജീവിതം പടുത്തുയർത്തുന്ന, മനുഷ്യനെ മനുഷ്യനാക്കുന്ന, ഉത്തമശീലങ്ങൾ കരുപ്പിടിപ്പിക്കുന്ന ആശയങ്ങളുടെ ആത്മവത്കരണമാണ്."

വിദ്യാർത്ഥികളുടെ സംഖ്യ ഓരോ വർഷവും വർദ്ധിക്കുന്നു; കോളേജുകളും സ്കൂളും സർവ്വകലാശാലകളും അതിനനുസരിച്ച് വർദ്ധിക്കുന്നു; കൂടാതെ അദ്ധ്യാപകരും ജീവനക്കാരും. പക്ഷെ നമ്മുടെ നാട് കൂടുതൽ കൂടുതൽ വഷളാവുകയാണ്. കലാലയങ്ങൾ കൊല ആലയമായി മാറിക്കൊണ്ടിരിക്കുന്നു. ഇൻഡ്യയിൽ ഏറ്റവും കൂടുതൽ സ്ത്രീപീഡനവും ആത്മഹത്യയും മദ്യപാനവും നടക്കുന്ന സംസ്ഥാനം കേരളമാണ്. നീലചിത്രവും പെൺവാണിഭവും കേരള സംസ്കാരത്തിന്റെ പ്രതിരൂപങ്ങളായി പുറത്തുള്ളവർ കാണുന്നു. ഗ്രാമങ്ങൾപോലും സാത്താൻ സേവകരുടെയും മാഫിയകളുടെയും നിയന്ത്രണത്തിലാണ്. സ്വാധീനശക്തിയുള്ളവർ എന്ത് അക്രമം ചെയ്താലും ഇവിടെ ശിക്ഷിക്കപ്പെടുന്നില്ല. അറിവ് വർദ്ധിച്ചിരുന്നുവെങ്കിൽ നമ്മുടെ നാട് കൂടുതൽ നന്നാകേണ്ടതായിരുന്നു. വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ ഇൻഡ്യയിൽ ഒന്നാം സ്ഥാനം കേരളത്തിനാണ്. പക്ഷെ ഇൻഡ്യയിൽ അദ്ധ്യയന ദിവസങ്ങൾ കുറച്ചുകൊണ്ടുവരുന്നതിൽ ആർക്കും ആശങ്കയില്ല. ഇൻഡ്യയിൽ വർഷത്തിൽ ഏതാണ്ട് 160 ദിവസമാണ് അദ്ധ്യയന ദിവസം. ചൈനയിൽ ഇത് 260 ദിവസമാണ്. ഇൻഡ്യയിലെ രാഷ്ട്രത്തലവന്മാർ ചൈനയെ ഈ കാര്യത്തിൽ കണ്ടുപഠിക്കണം.

കൊച്ചുകുഞ്ഞുങ്ങളിൽ ക്രൂരസ്വഭാവവും രാക്ഷസബുദ്ധിയും സമന്വയിപ്പിക്കുന്ന ദയനീയമായ കാഴ്ചയാണ് വിദ്യാഭ്യാസരംഗത്ത് കാണുന്നത്. എന്തും മനഃപാഠമാക്കുന്ന കുട്ടികൾ ടി.വി.യുടെ മുമ്പിൽ തവളയെപ്പോലെ ഇരിക്കുന്ന കാഴ്ച രസകരമാണ്. സ്കൂളിൽനിന്നും ലഭിക്കുന്നതും ട്യൂഷൻ സെന്ററുകളിൽനിന്നു കിട്ടുന്നതുമായ 'ഈയംഗുളിക'കളാണ് അവരുടെ വയറ്റിൽ ദഹിക്കാതെ കിടക്കുന്നത്. ഈ അജീർണ്ണത കുട്ടികളുടെ മാനസികവും ശാരീരികവുമായ ആരോഗ്യത്തെ സാരമായി ബാധിക്കും. പണ്ടൊക്കെ എഴുപതാം വയസ്സിൽ മനുഷ്യരുടെ മുഖത്തു നിഴലിച്ചിരുന്ന സമ്മർദ്ദത്തിന്റെ ഭാവം ഇപ്പോൾ എൽ.കെ.ജി. കുട്ടികളിൽ കാണാൻ കഴിയും. സമ്മർദ്ദത്തിൽ വീണ് പല കുട്ടികളും ആത്മഹത്യ വരെ ചെയ്യുന്നു; ചെയ്യാൻ പ്രേരിപ്പിക്കുന്നു. കുട്ടികളെ മറ്റൊരാളാക്കി മാറ്റാൻ ശ്രമിക്കുന്നതാണ് ഇതിന് പ്രധാനകാരണം. രക്ഷകർത്താക്കൾക്കും ഈ പാതകത്തിൽ പങ്കുണ്ട്. ഞാൻ എത്ര ശ്രമിച്ചാലും മറ്റൊരാളാവാൻ സാദ്ധ്യമല്ല. ദൈവം ഓരോരുത്തരെയും സൃഷ്ടിച്ചത് വ്യത്യസ്ത രൂപത്തിലും ഭാവത്തിലുമാണ്. ഒരാൾക്ക് ബുദ്ധനെപ്പോലെയോ മഹാത്മ ഗാന്ധിജിയെപ്പോലെയോ ആകാൻ പറ്റില്ല. അതിനു ശ്രമിക്കുന്നതാണ് പരാജയങ്ങൾക്ക് കാരണം. ഒരാൾ എന്തായിത്തീരുവാൻ ജനിച്ചുവോ അതായി തീരുവാൻ അയാളെ അനുവദിക്കുകയാണ് വേണ്ടത്; കൂടാതെ പ്രോത്സാഹനവും. സ്വതന്ത്രമായി ചിന്തിക്കുവാനും നല്ല വശങ്ങൾ തെരഞ്ഞെടുക്കുവാനും പ്രാപ്തി ഉണ്ടാക്കുന്നതാണ് യഥാർത്ഥ വിദ്യാഭ്യാസം.

അഴിമതിയും സ്വജനപക്ഷപാതവും നടത്തുന്ന ഉന്നതവിദ്യാഭ്യാസം ഉള്ളവരായ ഇന്നത്തെ ഉദ്യോഗസ്ഥവൃന്ദം വിദ്യാസമ്പന്നരെന്നു പറയാൻ കഴിയുമോ? ജീവിതമാർഗ്ഗം കണ്ടെത്താൻ മാത്രമുള്ള ഉദ്യോഗമാകരുത് എന്ന് സാരം. കുട്ടികൾ എങ്ങനെ ജീവിക്കണമെന്ന് അവർ ജീവിതത്തിലൂടെ പഠിപ്പിച്ചുകൊടുക്കണം. കുട്ടികൾ അദ്ധ്യാപകരെ കണ്ടു പഠിക്കട്ടെ! ഡോ. എസ്. രാധാകൃഷ്ണൻ പറയുന്നത്, "വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം സ്വഭാവഗുണമാണ്. സ്വഭാവ ഗുണം പ്രദാനം ചെയ്യാത്ത വിദ്യാഭ്യാസപദ്ധതി ഉപയോഗശൂന്യവും ആപത്കരവുമാണ്." ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്കുക; അവൻ വൃദ്ധനായാലും അത് വിട്ടുമാറുകയില്ല എന്ന ബൈബിൾ വചനം ഓർത്തുകൊള്ളുക.

കുഞ്ഞുങ്ങളെ ശിക്ഷണത്തിൽ വളർത്തണം; പഠിപ്പിക്കണം. ചെറുപ്രായത്തിൽ തന്നെ കുട്ടികളുടെ വാസനകളും ഐ.ക്യു.വും മനസ്സിലാക്കി അവരെ വേർതിരിച്ച് വിദ്യാഭ്യാസം നൽകണം. പ്രതിഭാശാലികളും അതിശ്രേഷ്ഠ ബുദ്ധിയുള്ളവരും ശ്രേഷ്ഠബുദ്ധിയുള്ളവരുമായ കുട്ടികളെ ചെറുപ്പത്തിലെ അദ്ധ്യാപകർ തിരിച്ചറിയണം. ഇവർക്ക് അവരുടെ മാനസിക വികസനത്തിനനുസരിച്ച് വിദ്യാഭ്യാസം ക്രമീകരിക്കണം. ശരാശരി ബുദ്ധിയുള്ളവരെ വേർതിരിക്കണം. അവർ ആവറേജ് ബുദ്ധിയുള്ളവരാകയാൽ അതിനനുസരിച്ചുള്ള പഠിപ്പിക്കലാണ് ആവശ്യം. ദൈവം എല്ലാവരെയും ഒരേ രീതിയിലല്ലല്ലോ സൃഷ്ടിച്ചിരിക്കുന്നത്. ദൈവദത്തമായത് (God's Gift) പലരിലും വ്യത്യസ്തമാണ്. മന്ദബുദ്ധി (Dull), മൂഢബുദ്ധി (Moron) ക്ഷീണബുദ്ധി (Imbecile) ജഢബുദ്ധി (Idiot) മുതലായവരെ അവരുടെ നിലവാരത്തിലുള്ള വിദ്യാഭ്യാസം കൊടുക്കണം. ജഢബുദ്ധിയുള്ളവരെ പ്രതിഭാശാലികളുമായി താരതമ്യം ചെയ്യരുത്.

ചുരുക്കിപ്പറഞ്ഞാൽ നല്ല ജീവിതത്തിനുള്ള പരിശീലനമാണ് വിദ്യാഭ്യാസം. അറിയുക വസ്തുതകൾ... അറിവാണ് ശക്തി. എന്തു പഠിക്കുന്നു എന്നല്ല, എങ്ങനെ മനസ്സിനെ രൂപാന്തരപ്പെടുത്തുന്നു എന്നതാണ് വിദ്യാഭ്യാസത്തിൽ പ്രധാനം എന്നാണ് കിർക്ക ഗാർഡ് പറഞ്ഞിരിക്കുന്നത്. Information - Formation -Transformation എന്നിവയാണ് വിദ്യാഭ്യാസത്തിന്റെ മാനങ്ങൾ എന്നുള്ള ഉൾക്കാഴ്ച ഉണ്ടാവണം. എല്ലാ വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്കും തദ്ദേവൂസിന്റെ ആശംസകളും പ്രാർത്ഥനയും അർപ്പിക്കുന്നു.

**മാത്യൂസ് മാർ ഗ്രീഗോറിയോസ്**

## പ്രവാസി മലയാളികളെ ചൂഷണം ചെയ്ത്....

**ജോയിക്കുട്ടി യു. എസ്. എ.**

**കേ**രളത്തിനു വെളിയിലും ഇൻഡ്യയ്ക്കു വെളിയിലുമായി പ്രവാസികളായും കുടിയേറ്റക്കാരായും മലയാളികൾ വന്ന് രാപകൽ ഭേദമെന്യേ ഊണും ഉറക്കവും ഇല്ലാതെ കഷ്ടപ്പെട്ട് പണമുണ്ടാക്കുന്നത്, സാധാരണ കേരളത്തിൽ തന്നെ തൊഴിലൊന്നും ചെയ്യാതെ ജീവിക്കുന്നവർ കാണുമ്പോൾ കരഞ്ഞുപോകും. അവിടെ ഇത്തിൾക്കണ്ണിപോലെ അവരുടെ പണം ഊറ്റിക്കുടിക്കുവാൻ ആഗ്രഹിക്കുന്നവർ മനസ്സിലാക്കേണ്ടതാണിത്. ഞാൻ അതിനെപ്പറ്റി കൂടുതൽ വിവരിക്കേണ്ടതില്ലല്ലോ?

ഞങ്ങളെ ചിരിപ്പിക്കാനായി കലാകാരന്മാരായി ചിലരും, അനുഗ്രഹിച്ചു സ്വർഗ്ഗത്തിൽ കയറ്റാനായി പിതാക്കന്മാരും ആരും ഇറങ്ങിപ്പുറപ്പെടേണ്ടതില്ല. ഓരോ മാസവും ജീവിതത്തിന്റെ രണ്ടറ്റം കൂട്ടിമുട്ടിക്കുവാൻ പാടുപെടുന്നവരാണ് ഇവിടെയുള്ള മലയാളികൾ. അതിനാൽ പ്രവാസികളായ മലയാളികളുടെ ദൗർബല്യം ചൂഷണം ചെയ്യുന്ന മതപുരോഹിതന്മാരും ചില കലാകാരന്മാരും ഈ പ്രവണത ആവർത്തിക്കാതിരിക്കാൻ വേണ്ട മനസ്സ് കാണിക്കണം.

## മുപ്പതാണ്ടിനുശേഷം ഇന്ത്യക്ക് പുതിയ പീരങ്കി; എം. 777

### വിവാദമായ ബോഫോഴ്സിനുശേഷം ഇന്ത്യൻ സൈന്യത്തിന് ലഭിക്കുന്ന പുതിയ പീരങ്കി

*ന്യൂഡൽഹി:* മൂന്നു ദശാബ്ദങ്ങൾക്കുശേഷം ഇന്ത്യൻ സൈന്യത്തിനു കരുത്താകാൻ പുതിയ പീരങ്കിയെത്തി. യു.എസ്. നിർമിത എം.-777 അൾട്രാ ലൈറ്റ് പീരങ്കികളിലെ രണ്ടെണ്ണമാണ് ഇന്ത്യൻ സേനയ്ക്കൊപ്പം ചേർന്നത്.

അമേരിക്കയുമായുള്ള 70 കോടി ഡോളറിന്റെ കരാറിൽ 145 പീരങ്കികളാണ് വാങ്ങുന്നത്. വിവാദമായ ബോഫോഴ്സ് പീരങ്കിക്കുശേഷം ഇന്ത്യൻ സേനയുടെ ഭാഗമാകുന്ന ആദ്യ പീരങ്കിസന്നാഹമാണ് എം.-777. പീരങ്കിപ്പടയെ വൻതോതിൽ നവീകരിക്കാനുള്ള പദ്ധതിയാണ് ഇന്ത്യൻ സേനയുടേത്.

22000 കോടി രൂപയുടെ നവീകരണപദ്ധതികളിലായി അഞ്ചുതരത്തിലുള്ള പീരങ്കികളാണ് സേന വാങ്ങുന്നത്. ചൈനയുമായി അതിർത്തി പങ്കിടുന്ന ഉന്നതപ്രദേശങ്ങളിലാണ് പുതുതായെത്തിയ പീരങ്കികൾ ഉപയോഗിക്കുന്നത്.

155 മില്ലിമീറ്റർ 39 കാലിബർ തോക്കുകൾക്ക് 30 കിലോമീറ്ററാണ് പരമാവധി റേഞ്ച്. നിർമാതാക്കളായ ബി.എ.ഇ. സിസ്റ്റംസിൽ നിന്ന് സൈന്യം 25 എം.-777 പീരങ്കികൾ നേരിട്ടു വാങ്ങും. ബാക്കിയുള്ള മഹീന്ദ്രഡിഫൻസ് സിസ്റ്റസുമായി സഹകരിച്ച് ഇന്ത്യയിൽവച്ച് അസംബിൾ ചെയ്യും.

എൺപതുകളുടെ മധ്യത്തിൽ വിവാദ സ്വീഡിഷ കമ്പനിയ ബോഫ്ഴ്സിൽനിന്ന് ഇറക്കുമതി ചെയ്തതാണ് ഇന്ത്യയുടെ അവസാന പീരങ്കി. എന്നാൽ സ്വീഡിഷ് കമ്പനി 64 കോടി രൂപ ഇന്ത്യൻ രാഷ്ട്രീയ നേതാക്കൾക്ക് കൈക്കൂലി കൊടുത്തുവെന്ന വിവാദത്തെത്തുടർന്ന് ബോഫോഴ്സ് പീരങ്കികളും വിവാദത്തിലായി.

മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിയുടെ രാഷ്ട്രീയ ജീവിതത്തെ വരെ ബാധിച്ച ഇടപാട് പ്രതിരോധ വകുപ്പിലെ ആയുധം വാങ്ങലുകളും മെല്ലെയാക്കി.

## ബി.ജെ.പി. കുളനട പഞ്ചായത്ത് പിടിച്ചടക്കി

**രഞ്ജിത്ത് ഏബ്രഹാം തോമസ് കുളനട**

**പ**ത്തനംതിട്ട ജില്ലയിൽ ക്രിസ്ത്യാൻ ഭൂരിപക്ഷമുള്ള പ്രദേശങ്ങളിൽ ഒന്നാണ് കുളനട പഞ്ചായത്ത്. ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ബി.ജെ.പി. ഇവിടെ ഏറ്റവും വലിയ ഒറ്റ കക്ഷിയായെങ്കിലും ഭരിക്കുവാനുള്ള ഭൂരിപക്ഷം തനിയെ നേടാനായില്ല. തുടർന്നു നടന്ന രാഷ്ട്രീയ ചൂതാട്ടത്തിനൊടുവിൽ കോൺഗ്രസും കമ്മ്യൂണിസ്റ്റും സ്വതന്ത്രയും ചേർന്ന് ഭരണം പിടിച്ചു. ബി.ജെ.പി.യെ ഭരണത്തിൽനിന്നും അകറ്റി. ഏറെ താമസിയാതെ ആ ബാന്ധവം അവസാനിച്ചു. കോൺഗ്രസും കമ്മ്യൂണിസ്റ്റും തമ്മിൽ തെറ്റി. സ്വതന്ത്ര വീണ്ടും സ്വതന്ത്രയായി. ഭരണം താഴെ വീണു. സ്വജനപക്ഷപാതവും തൊഴുത്തിൽകുത്തും അവസാനിച്ചു.

വീണ്ടും പ്രസിഡന്റ് തെരഞ്ഞെടുപ്പ്. കാലം കാത്തുവെച്ച കാവ്യനീതിപോലെ ബി.ജെ.പി.ക്ക് പ്രസിഡന്റ് സ്ഥാനം. അനർഹർ തട്ടിയെടുത്ത അർഹതപ്പെട്ട സ്ഥാനം. പുറംകാലുകൊണ്ടു തൊഴിച്ച് അകറ്റിയാലും അവകാശപ്പെട്ട സിംഹാസനത്തിൽ അമർന്നിരിക്കുവാൻ പോകുന്നു. യുദ്ധം ജയിച്ച രാജാവിനെപ്പോലെ ബി.ജെ.പി. പത്തനംതിട്ട ജില്ലാ പ്രസിഡന്റ് കുളനട പഞ്ചായത്ത് പ്രസിഡന്റായി ചുമതലയേൽക്കുന്നു.

# ക്രിസ്തു ഊന്നിപ്പറഞ്ഞ അത്യാവശ്യങ്ങൾ

– ദാനിയേൽ പന്തളം

1. **“പുറമെ ഉള്ളതല്ല, അന്തരംഗത്തെ നീതിയത്രേ വേണ്ടത്” മത്താ: 15:20.** ശാസ്ത്രിമാരുടെയും പരീശന്മാരുടെയും നീതി അല്ല, പ്രകടനത്തിനല്ലാതെ, അന്തർഭാഗത്തെ നീതിയത്രേ യേശു ആഗ്രഹിച്ചത്.

2. **“ശിശുസമാനമായ മനസ്സാണ് വേണ്ടത്” മത്താ: 18:3.** നിങ്ങൾ തിരിഞ്ഞ് ശിശുക്കളെപ്പോലെ ആകുന്നില്ലെങ്കിൽ നിങ്ങൾ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കയില്ല. ശിശു നിർമ്മലൻ, നിർദ്ദോഷി, കപടമില്ലാത്തവൻ, അഹങ്കാരമോ അത്യാഗ്രഹമോ ഇല്ലാത്തവൻ, പാപമില്ലാത്തവൻ ആണ്. നിങ്ങളും അതുപോലെ ആകുക.

3. **“മാനസാന്തരപ്പെടണം.” ലൂക്കോ: 13:5.** മാനസാന്തരപ്പെട്ട് വീണ്ടും ജനിക്കണം. പാപികളെന്നു നമ്മൾ വിചാരിക്കുന്നവരേക്കാൾ കഠിനശിക്ഷ മാനസാന്തരപ്പെടാത്തവർക്ക് കിട്ടും. വെള്ളത്താലും ആത്മാവിനാലും വീണ്ടും ജനിച്ചില്ല എങ്കിൽ ദൈവരാജ്യത്തിൽ കടപ്പാൻ കഴിയുകയില്ല. ജഡത്താലുള്ള ജനനം കൂടാതെ ആത്മാവിനാലും ഒരു വീണ്ടും ജനനം ഉണ്ടാകണം.

4. **“ആത്മാവിനാലും സത്യത്തിലുമുള്ള ആരാധന വേണം.” യോഹ: 4:24.** ദൈവം ആത്മാവ് ആകുന്നു. അവനെ നമസ്കരിക്കുന്നവർ ആത്മാവിലും സത്യത്തിലും ആരാധിക്കണം.

5. **“ആത്മിക ഭക്ഷണം വേണം.” യോഹ: 6:53.** മനുഷ്യപുത്രന്റെ മാംസം തിന്നാതെയും അവന്റെ രക്തം കുടിക്കാതെയും ഇരിക്കുന്നവന് ഉള്ളിൽ ജീവനില്ല. അവന്റെ മാംസം തിന്നുകയും അവന്റെ രക്തം കുടിക്കുകയും ചെയ്യുന്നവന് നിത്യജീവൻ ഉണ്ട്. ഒടുക്കത്തെ നാളിൽ അവനെ ഉയിർത്തെഴുന്നേല്പിക്കും. “ഞാൻ സ്വർഗ്ഗത്തിൽ നിന്നുവന്ന അപ്പമാകുന്നു. ഈ അപ്പം തിന്നുന്നവൻ എന്നേക്കും ജീവിക്കും. ഈ ശരീരരക്തങ്ങൾ അനുഭവിക്കുന്നവൻ എന്നേക്കും ജീവിക്കും.

6. **യോഹ: 8:24.** ലോകപ്രകാരമുള്ളവൻ പാപത്തിൽ മരിക്കും. വ്യക്തിപരമായ വിശ്വാസം നമുക്ക് വേണം. എന്നിൽ വിശ്വസിക്കാത്തവൻ അവന്റെ പാപങ്ങളിൽ മരിക്കും. എന്നിൽ വിശ്വസിക്കുന്നവൻ എന്നെ അയച്ചവനിൽ വിശ്വസിക്കുന്നു. പിതാവും ഞാനും ഒന്നത്രേ. എന്റെ വചനത്തിൽ വിശ്വസിക്കുന്നവൻ വാസ്തവമായി എന്റെ ശിഷ്യൻ. സത്യം നിങ്ങളെ സ്വതന്ത്രരാക്കുന്നു.

7. **മത്താ: 19:17.** നല്ലവൻ ഒരുത്തനേ ഉള്ളൂ. ജീവനിൽ കടപ്പാൻ ഇച്ഛിക്കുന്നവൻ എന്റെ കല്പനകൾ പ്രമാണിക്കണം. സകല കല്പനകളും രണ്ടിൽ അടങ്ങിയിരിക്കുന്നു. നിന്റെ ദൈവമായ കർത്താവിനെ പൂർണ്ണമനസ്സോടും പൂർണ്ണശക്തിയോടും പൂർണ്ണ ആത്മാവോടും കൂടെ സ്നേഹിക്കുക. അതോടൊപ്പം കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം. അങ്ങനെ ദൈവത്തെയും മനുഷ്യനെയും പൂർണ്ണമായി സ്നേഹിക്കുന്നവൻ നിത്യജീവൻ പ്രാപിക്കും.

## രണ്ടായിരത്തി മുപ്പതോടെ പെട്രോൾ, ഡീസൽ വണ്ടികൾ അപ്രത്യക്ഷമാകും!

**പെ**ട്രോൾ, ഡീസൽ തുടങ്ങിയവയുടെ അമിതമായ ഉപയോഗം മൂലം ഈ അസംസ്കൃതവസ്തുക്കൾ 2030 ആകുമ്പോഴേക്കും ഇല്ലാതാകുമെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. അങ്ങനെ വന്നാൽ പെട്രോൾ, ഡീസൽ വണ്ടികൾ ലോകത്തുനിന്നും അപ്രത്യക്ഷമാകുമെന്നും ഓർമ്മിപ്പിക്കുന്നു. അതിനുപകരം ഇലക്ട്രിക് വണ്ടികളായിരിക്കും പ്രചാരത്തിൽ വരിക. ഇക്കോ -ഫ്രണ്ട്‌ലി ആയിട്ടുള്ള ഇലക്ട്രിക് വണ്ടികൾ അന്തരീക്ഷമലിനീകരണം ഇല്ലാതാക്കും. ജനങ്ങൾ ഇലക്ട്രിക് വണ്ടികളെ സ്വാഗതം ചെയ്യേണ്ടിവരും. ഗാർഹിക ഉപയോഗത്തിനുള്ള ഗ്യാസും ഇല്ലാതാകും. പാചകം ചെയ്യാൻ വിറകിലേക്കും ഇലക്ട്രിസിറ്റിയിലേക്കും തിരിയേണ്ടിവരും.

പെട്രോൾ, ഡീസൽ തുടങ്ങിയ അസംസ്കൃത വസ്തുക്കൾ ഇല്ലാതാകുന്നതോടുകൂടി ഗൾഫ് രാജ്യങ്ങളുടെ പ്രസക്തി നഷ്ടപ്പെടും; ദരിദ്രരാജ്യങ്ങളായി മാറും. ഗൾഫ് മേഖലയിൽ പണിചെയ്യുന്ന പരദേശികൾക്ക് അവരവരുടെ രാജ്യങ്ങളിലേക്ക് തിരിച്ചു പോരേണ്ട ഗതികേട് ഉണ്ടാകും. പ്രവാസി മലയാളികൾ കേരളത്തിലേക്ക് വെറും കൈയ്യോടെ തിരിച്ചുപോരേണ്ടിവരുന്ന ഒരു സാഹചര്യം ഉണ്ടായാൽ കേരളത്തിന്റെ സമ്പദ്ഘടനയെത്തന്നെ സാരമായി ബാധിക്കും. പ്രവാസി മലയാളികളുടെ ഒരു ലക്ഷം കോടിയിൽപരം ഓരോ വർഷവും വരുന്ന പണത്തിന്റെ ഒഴുക്ക് ഇല്ലാതായാൽ കേരളത്തിലെ എല്ലാ മേഖലയെയും പ്രതികൂലമായി ബാധിക്കും. റവന്യൂ വരുമാനം തലകീഴായി മറിയും. സാധനങ്ങൾ വാങ്ങുവാനുള്ള കഴിവ് (Purchasing Power) ഇല്ലാതാകും. ശമ്പളം കൊടുക്കുവാനുള്ള പണം കണ്ടെത്താൻ വേറെ പദ്ധതി ആവഷ്ക്കരിക്കുകയോ ശമ്പളം വെട്ടിക്കുറയ്ക്കുകയോ ചെയ്യേണ്ടി വരും. ജനങ്ങൾക്ക് പണി ഇല്ലാതാകുന്നതോടുകൂടി കൃഷിയിലേക്ക് ശ്രദ്ധ ചെലുത്തേണ്ടി വരും. 1950 കളിൽ നമ്മുടെ നാട്ടിൽ നിന്നും ജോലിതേടി ആസാം, സിലോൺ, ബോംബെ, കൽക്കട്ട, മദ്രാസ്, ഗുജറാത്ത്, ലുധിയാന തുടങ്ങിയ സ്ഥലങ്ങളിലേക്ക് മലയാളികൾ കുടിയേറി ജീവിതം കരുപിടിപ്പിച്ചിരുന്നു. പക്ഷെ ഇനി അവിടെയും അവസരങ്ങൾ ഇല്ലാതാകും. പട്ടാളം, പോലീസ്, അദ്ധ്യാപകർ തുടങ്ങിയ തസ്തികകളിലും മറ്റു ഗവൺമെന്റ് ജീവനക്കാരായി ഒരു ചെറിയ ശതമാനം ആളുകൾക്കു മാത്രമായി ജോലി അവസരങ്ങൾ ചുരുങ്ങും. മറ്റുള്ളവർ കൃഷിയും കൂന്താലിപ്പണിയുമായി കഴിയേണ്ട കാലം ആസന്നമായിരിക്കുന്നു.

രാഷ്ട്രീയ - ആത്മീയ മണ്ഡലങ്ങളെയും ഇത് സാരമായി ബാധിക്കും. അംബരചുംബികളായ രമ്യഹർമ്മ്യങ്ങളിൽ വസിക്കുന്ന ആത്മീയ നേതൃത്വങ്ങൾക്ക് ആഢംബരജീവിതം നയിക്കുവാൻ കഴിയാതെ വരും. ഭീമാകാരമായ പള്ളികളും കെട്ടിട സമുച്ചയങ്ങളും മെയിന്റെയിൻ ചെയ്യാൻ കഴിയാതെ വിശ്വാസികൾ വിഷമിക്കും. കൺസ്ട്രക്ഷൻ ജോലികൾ ഇല്ലാതാകും. അരമനകളിലും പള്ളികളിലുമുള്ള വരുമാനത്തിന്റെ എൺപതു ശതമാനവും ഇല്ലാതാകും. സഭാനേതൃത്വങ്ങൾ പണത്തിനുവേണ്ടിയും നിത്യോപയോഗ സാധനങ്ങൾക്കുവേണ്ടിയും നെട്ടോട്ടമോടേണ്ടിവരുന്ന കാലം ഇതാ ആസന്നമായിരിക്കുന്നു. ഇത് ദൈവത്തിന്റെ പദ്ധതിയുടെ ഭാഗമാണെന്ന് തദ്ദേവൂസ് വിശ്വസിക്കുന്നു.

പരമ്പരാഗതമായിട്ടുള്ള ജോലികൾക്കും കൃഷിക്കും പ്രാധാന്യം കൊടുത്ത് പഴമയിലേക്ക് തിരിയുവാൻ വേണ്ട തയ്യാറെടുപ്പുകൾ എത്രയും വേഗം നാം ചെയ്തില്ലെങ്കിൽ ഉണ്ടാകുന്ന ഭവിഷ്യത്ത് വളരെ വലുതായിരിക്കും. കേരളത്തിന് അത് താങ്ങാൻ പറ്റാത്തതുമായിരിക്കുമെന്ന് മുന്നറിയിപ്പു നൽകുന്നു.

## സാത്താനെ സേവിച്ചാലും സാരമില്ല; ‘എനിക്കും കിട്ടണം പണം’

**കേ**രള ജനതയിൽ അമിത ആഗ്രഹവും ദുരാഗ്രഹവും ഏറിവരുന്നതിന്റെ ഉദാഹരണങ്ങളാണ് നാം ചുറ്റുപാടും കാണുന്നത്. പണം കിട്ടിയാൽ സാത്താനെ സേവിക്കുവാനും തയ്യാർ. അധികാരവും സമ്പത്തും ഉണ്ടാക്കണം. അതിന് ഏതുവഴിയും സ്വീകരിപ്പാൻ ആൺ -പെൺ വ്യത്യാസമില്ലാതെ തയ്യാറായി നിൽക്കുന്നു. കൊന്നാലും മരിച്ചാലും എല്ലാം ആഘോഷമാക്കി മാറ്റുന്ന കേരള ജനതയുടെ ഈ മൂല്യച്യുതി പഠനവിധേയമാക്കേണ്ടതുണ്ട്. ആരാണ് ഇതിനൊക്കെ ഉത്തരവാദികൾ? സാമൂഹിക - സാംസ്കാരിക - ആദ്ധ്യാത്മിക - രാഷ്ട്രീയ മണ്ഡലങ്ങളിലുള്ള നേതാക്കന്മാരെയാണ് ജനങ്ങൾ മാതൃകയാക്കുന്നത്. ജനങ്ങളിലുള്ള സംസ്കാരത്തിനും വിശ്വാസത്തിനും കുറവുകൾ ഉണ്ടാകുന്നുവെങ്കിൽ അതിന്റെ കാരണക്കാർ മുകൾ തട്ടിലുള്ളവർ തന്നെയെന്ന് ഒരു സർവ്വേ നടത്തിയപ്പോൾ ജനങ്ങൾ പ്രതികരിച്ചു. എവിടെ തൊട്ടാലും പൊള്ളുന്ന അവസ്ഥ. പണവും അധികാരവും ലഭിക്കുവാൻ ആർത്തിയോടെ ഓടിനടക്കുന്ന നേതാക്കന്മാർ പ്രത്യേകിച്ചും ആദ്ധ്യാത്മിക മണ്ഡലങ്ങളിൽ. പിരിവുകൾ, സംഭാവനകൾ സ്വീകരിച്ച് കോടികൾ സമ്പാദിച്ച് ഫ്ളാറ്റും സമുച്ചയങ്ങളും ആഢംബര കാറുകളും വാങ്ങി ശതകോടീശ്വരന്മാരായി ജീവിക്കുന്ന ആദ്ധ്യാത്മിക നേതാക്കന്മാരിൽനിന്നും ജനങ്ങൾ പഠിക്കേണ്ടത് എന്താണ്? ഇതാണോ ക്രിസ്തുവിന്റെ പാതയും യേശു വിഭാവനം ചെയ്ത ദൈവരാജ്യവും? ഇവരെ കണ്ടുപഠിക്കേണ്ട ജനങ്ങൾ അതേ മാതൃക അനുകരിച്ചാൽ ആരാണ് ഉത്തരവാദികൾ? ഇതെല്ലാം സാത്താൻ സേവയുടെ ഭാഗമായതിനാൽ ചിലർ പറയുന്നു, ‘സാത്താനെ സേവിച്ചാലും കുഴപ്പമില്ല, എനിക്കും കിട്ടണം പണം’. ‘കൊന്നാൽ പാപം തിന്നാൽ തീരും’ എന്ന ചൊല്ല് ഓർക്കുകയാണ്.

## കുട്ടിക്കടത്ത് – വൈദികൻ ഉൾപ്പെടെ രണ്ടുപേർക്കെതിരെ കേസ്

**ഇ**തരസംസ്ഥാനങ്ങളിൽ നിന്നു മതിയായ രേഖകളില്ലാതെ 14 കുട്ടികളെ എത്തിച്ച സംഭവത്തിൽ സ്ഥാപന നടത്തിപ്പുകാർക്കെതിരേ ജാമ്യമില്ലാ വകുപ്പുപ്രകാരം പോലീസ് കേസെടുത്തു.

സ്ഥാപന ഡയറക്ടർ. ഫാ. ജോൺ, മാനേജർ അനു ജോർജ് എന്നിവർക്കെതിരേയാണ് കൊഴിഞ്ഞാമ്പാറ പോലീസ് മനുഷ്യക്കടത്തിനു കേസെടുത്തത്. ജില്ലാ ശിശുസംരക്ഷണ വിഭാഗം കണ്ടെത്തിയ കുട്ടികളെ സ്വദേശത്തേക്കു തിരിച്ചയക്കാൻ നടപടിയും ആരംഭിച്ചു. ഹരിയാന, ഉത്തർപ്രദേശ്, പശ്ചിമബംഗാൾ, ബീഹാർ, ഡൽഹി, ഝാർഖണ്ഡ് സംസ്ഥാനങ്ങളിൽ നിന്നുള്ള ഒൻപതു മുതൽ 16 വയസ്സുവരെ പ്രായമുള്ള 14 ആൺകുട്ടികളെയാണ് ചിറ്റൂരിനടുത്ത് മേനോൻപാറയിലെ വാടകവീട്ടിൽ പാർപ്പിച്ചതായി കണ്ടെത്തിയത്.

കൊഴിഞ്ഞാമ്പാറ പോലീസിന്റെ സാന്നിദ്ധ്യത്തിൽ ഇവരെ ശിശുസംക്യരക്ഷണ വിഭാഗം ഏറ്റെടുത്ത് പാലക്കാട് ശിശുക്ഷേമ സമിതിക്കു മുമ്പാകെ ഹാജരാക്കി. തുടർന്ന് ഇവരെ മുട്ടിക്കുളങ്ങരയിലെ സർക്കാർ ചിൽഡ്രൻസ് ഹോമിലേക്ക് താൽക്കാലികമായി മാറ്റി.

ശിശുക്ഷേമ സമിതി നടത്തിയ പ്രത്യേക സിറ്റിങ്ങിൽ മതിയായ രേഖകൾ ഹാജരാക്കാൻ സ്ഥാപന നടത്തിപ്പുക്കാർക്ക് കഴിഞ്ഞില്ല. സ്വന്തം കെട്ടിടം ഇല്ലാതെ കുട്ടികളെ പാർപ്പിച്ചത് ജുവനൈൽ നിയമ ലംഘനമാണ്. കുട്ടികളുടെ നാട്ടിലെ വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റും ജില്ലയിലെ ശിശുക്ഷേമ സമിതിയുടെ അനുമതി രേഖകളും ഇല്ലായിരുന്നു.

ചില കുട്ടികളുടെ രക്ഷിതാക്കളും ചിലരുടെ രക്ഷാകർത്താക്കളും സംരക്ഷണ ചുമതല നൽകുന്നതായുള്ള കത്തു മാത്രമാണ് ഇവരുടെ പക്കലുണ്ടായിരുന്നത്. സ്ഥാപനത്തിന്റെ കെട്ടിട നിർമ്മാണം നടത്തുന്നതിനുള്ള രേഖകളും ഹാജരാക്കി. ഇത് മതിയായ രേഖകളായി പരിഗണിക്കാനാകാത്തതിനാൽ കുട്ടികളെ തിരിച്ചയയ്ക്കാനാണ് ആലോചിക്കുന്നത്.

അതതു ജില്ലകളിലെ ശിശുക്ഷേമ സമിതികളുമായി ബന്ധപ്പെട്ടാകും കുട്ടികളെ തിരിച്ചയക്കുക. രക്ഷിതാക്കൾ നേരിട്ടെത്തിയാൽ അവർക്കൊപ്പം അയയ്ക്കും. നോയ്ഡയിൽ രജിസ്റ്റർ ചെയ്ത സ്ഥാപനത്തിന് ഇവിടെ രജിസ്ട്രേഷനില്ലെന്നും വ്യക്തമായി. കോയമ്പത്തൂർ മധുക്കരയിൽനിന്നാണ് കുട്ടികളെ ഇവിടേക്ക് എത്തിച്ചതെന്നാണ് വിവരം. ശിശുക്ഷേമ സമിതി ചെയർമാൻ ഫാ. ജോസ്പോൾ, അംഗം സി. ടെസിൻ, ജില്ലാ ശിശു സംരക്ഷണ ഓഫീസർ കെ. ആനന്ദൻ തുടങ്ങിയവർ സിറ്റിങ്ങിൽ പങ്കെടുത്തു.

## ഇതാ ശരിക്കും ‘സിസ്റ്റർ...’

### കന്യാസ്ത്രീക്ക് വൃക്ക ദാനംചെയ്ത് സഹോദരിയായ കന്യാസ്ത്രീ

***കൊച്ചി:*** സഹോദര സ്നേഹത്തിനു മഹനീയ മാതൃക തീർത്ത് കന്യാസ്ത്രീക്ക് സഹോദരിയായ കന്യാസ്ത്രീ വൃക്ക ദാനം ചെയ്തു. ചങ്ങനാശ്ശേരി ഹോളി ക്വീൻസ് പ്രോവിൻസ് അംഗം സിസ്റ്റർ ഡോണ റോസാണ് (49) സഹോദരി കോട്ടയം തെള്ളകം കാർമൽ സദനത്തിലെ അംഗമായ സിസ്റ്റർ അനിത ജോസിന് (56) വൃക്ക നൽകിയത്.

ആലപ്പുഴ പുന്നക്കുന്നം കാപ്പിൽ കോയിപ്പള്ളി തോമസ് ജോസഫ് - ഏലിയാമ്മ ജോസഫ് ദമ്പതികളുടെ മക്കളാണ് ഇരുവരും. കൊച്ചി മരടിലെ വി.പി.എസ്. ലേക്ഷോർ ആശുപത്രിയിൽ ഈ മാസം 12 നായിരുന്നു വൃക്ക മാറ്റിവയ്ക്കൽ ശസ്ത്രക്രിയ. സിസ്റ്റർ അനിതയുടെ ജീവൻ രക്ഷിക്കാൻ വൃക്ക മാറ്റിവയ്ക്കലല്ലാതെ മറ്റു മാർഗ്ഗമൊന്നുമില്ലെന്നു ഡോക്ടർമാർ വിധിയെഴുതിയതോടെയാണ് മൂത്ത സഹോദരിക്കായി വൃക്കദാനത്തിന് തയ്യാറായതെന്നു സിസ്റ്റർ ഡോണ റോസ് പറഞ്ഞു. സഭയുടെ അനുമതി ലഭിച്ചതിനു പിന്നാലെ നടന്ന ശസ്ത്രക്രിയയ്ക്കുശേഷം സിസ്റ്റർ ഡോണ റോസ് ബുധനാഴ്ച ആശുപത്രി വിട്ടു. ഐ.സി.യുവിൽ സുഖം പ്രാപിച്ചുവരുന്ന സിസ്റ്റർ അനിതാ ജോസിനെ രണ്ടു ദിവസത്തിനകം മുറിയിലേക്ക് മാറ്റും. വി.പി.എസ്. ലേക്ഷോർആശുപത്രിയിലെ നെഫ്രോളജി വിഭാഗം ഡയറക്ടർ ഡോ. എബി എബ്രഹാം, യൂറോളജി വിഭാഗം മേധാവി ഡോ. ജോർജ് പി. ഏബ്രഹാം, അനസ്തേഷ്യ വിഭാഗം മേധാവി ഡോ. മോഹൻ എ. മാത്യു എന്നിവരുടെ നേതൃത്വത്തിലുള്ള മെഡിക്കൽ സംഘമാണ് ശസ്ത്രക്രിയകൾ നടത്തിയത്. *(കടപ്പാട് - മംഗളം)*

**തദ്ദേവൂസ് ഇന്റർനെറ്റ് എഡിഷൻ വായിക്കുന്നതിന്**

**Please visit www. Thadevoos. org**

Published on 5th JUNE 2017

"REGISTERED"
RNI No. KERMAL / 2005 / 16477
REG No. KL / KTM /119/ 2017-2019



# പിള്ളയും ഗണേഷും ഇടയുന്നു; പാർട്ടി പിളർപ്പിലേക്ക്

**ആർ.** ബാലകൃഷ്ണപിള്ളയും മകൻ കെ.ബി. ഗണേഷ്കുമാറും വീണ്ടും ഇടയുന്നു. കേരള കോൺഗ്രസ് (ബി) പിളർപ്പിന്റെ വക്കിൽ. പിള്ള കാബിനറ്റ് പദവിയോടെ മുന്നോക്ക വിഭാഗ ക്ഷേമ കോർപ്പറേഷൻ ചെയർമാൻ സ്ഥാനം ഏറ്റെടുത്തതോടെ പാർട്ടിക്ക് മന്ത്രിസ്ഥാനം എന്നന്നേക്കുമായി നഷ്ടമായെന്ന വികാരമാണ് ഗണേഷ് അനുകൂലികളുടേത്.


ആർ. ബാലകൃഷ്ണപിള്ള

നോട്ടീസിൽ പേര് ചേർക്കുകയും പ്രത്യേകം ക്ഷണിക്കുകയും ചെയ്തിട്ടും സർക്കാരിന്റെ ഒന്നാം വാർഷികാഘോഷ ചടങ്ങിൽ ഗണേഷ് പങ്കെടുക്കാതിരുന്നത് പ്രതിഷേധം വ്യക്തമാക്കാൻ വേണ്ടിയായിരുന്നെന്ന് അദ്ദേഹത്തിന്റെ അടുപ്പക്കാർ വ്യക്തമാക്കുന്നു. ബാലകൃഷ്ണപിള്ള മുന്നോക്ക ക്ഷേമ കോർപ്പറേഷൻ അദ്ധ്യക്ഷസ്ഥാനം ഏറ്റെടുക്കുന്ന ചടങ്ങിൽനിന്നും ഗണേഷ് വിട്ടുനിന്നു.

യു.ഡി.എഫ്. വിട്ട് ഇടതുമുന്നണിയോടു ചേർന്നു നിന്നപ്പോഴും തെരഞ്ഞെടുപ്പിൽ വിജയിച്ചപ്പോഴും ഗണേഷും മന്ത്രിപദം ആഗ്രഹിച്ചിരുന്നു. പിള്ള കാബിനറ്റ് പദവിയുള്ള കസേര സ്വന്തമാക്കിയതോടെ അതിനുള്ള വഴിയടഞ്ഞു. പാർട്ടി മന്ത്രിസ്ഥാനം ആവശ്യപ്പെട്ടിട്ടില്ലെന്ന് തന്റെ സ്ഥാനലബ്ധിക്കുശേഷം അദ്ദേഹം വാർത്താസമ്മേളനത്തിൽ പറഞ്ഞതോടെ നിരാശ പൂർണ്ണമായി. ഇതോടെ ഗണേഷിന്റെ രാഷ്ട്രീയഭാവി അടഞ്ഞെന്നും ഇടതുമുന്നണിയിൽ തുടർന്നാലും ഇനിയൊന്നും ലഭിക്കില്ലെന്നും അദ്ദേഹത്തിന്റെ അനുകൂലികൾ വിലയിരുത്തുന്നു.

പുതിയ സാഹചര്യത്തിൽ, യു.ഡി.എഫുമായി അടുക്കാനും അടുത്ത ലോക്സഭാ തെരഞ്ഞെടുപ്പോടെ അതിന്റെ ഭാഗമാകുവാനുമുള്ള നീക്കത്തിലാണ് ഗണേഷും കൂട്ടരും. അദ്ദേഹം മുസ്ലീം ലീഗ് ജനറൽ സെക്രട്ടറി പി. കെ. കുഞ്ഞാലിക്കുട്ടിയുമായി നേരത്തെ ആശയവിനിമയം നടത്തിയിരുന്നു. മുൻമന്ത്രി വി. കെ. ഇബ്രാഹിംകുഞ്ഞിന്റെ സ്റ്റാഫ് അംഗങ്ങൾ നേരത്തെ ഗണേഷിനെതിരെ നൽകിയ മാനനഷ്ടക്കേസുകൾ പിൻവലിച്ചു.


കെ.ബി. ഗണേഷ്കുമാർ

ഇബ്രാഹിം കുഞ്ഞിനെതിരെ നേരത്തെ ഉന്നയിച്ച ആരോപണങ്ങളിൽനിന്നു ഗണേഷും പിൻവലിഞ്ഞു. പിള്ളയെ മുന്നണിയിൽ എടുക്കുന്നതിലുള്ള എതിർപ്പ് ഗണേഷിന്റെ കാര്യത്തിൽ ഉണ്ടാകാൻ സാദ്ധ്യതയില്ലെന്ന് യു.ഡി.എഫ്. വൃത്തങ്ങൾ പറയുന്നു.

പുതിയ പദവിയിൽ നിയമിതനായ പിള്ള സ്റ്റാഫ് നിയമനത്തിൽ ഗണേഷിന്റെ അഭിപ്രായം മാനിക്കുന്നില്ലെന്ന പരാതിയുമുണ്ട്. ഗണേഷ് നിർദ്ദേശിച്ച ആർക്കും സ്ഥാനം കിട്ടാനിടയില്ലെന്ന സൂചനയാണുള്ളത്.

യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് ഇതേ പദവി കിട്ടിയ പിള്ള ഒന്നു വീതം പ്രൈവറ്റ് സെക്രട്ടറി, പ്യൂൺ, അറ്റൻഡർ എന്നിങ്ങനെ സ്റ്റാഫിൽ മൂന്നുപേരെ മാത്രമാണ് നിയമിച്ചത്. പ്രൈവറ്റ് സെക്രട്ടറിയെ വേണ്ടെന്ന് പിന്നീട് എഴുതിക്കൊടുക്കുകയും ചെയ്തു. ഇക്കുറി ഒരു പ്രൈവറ്റ് സെക്രട്ടറി, ഒരു അസിസ്റ്റന്റ് പ്രൈവറ്റ് സെക്രട്ടറി, ഒരു അറ്റൻഡർ, പ്യൂൺ, ഡ്രൈവർ എന്നീ സ്റ്റാഫുകളെയാണ് അദ്ദേഹം ആവശ്യപ്പെട്ടതെന്നും അതിലൊന്നുപോലും ഗണേഷിന്റെ ശിപാർശയിൽ നിയമിക്കില്ലെന്നുമാണ് സൂചന. നേരത്തെ ഗണേഷ് മന്ത്രിയായപ്പോൾ പിള്ള പറഞ്ഞവരെ നിയമിക്കാത്തതിലുള്ള പ്രതികാരമാണ് ഇതെന്നാണ് വിലയിരുത്തൽ.

പിള്ള 56 വർഷമായി പ്രസിഡന്റായി തുടരുന്ന പത്തനാപുരം എൻ.എസ്.എസ്. താലൂക്ക് യൂണിയന് അദ്ദേഹത്തിന്റെ പുതിയ സ്ഥാനലബ്ധിയിൽ സ്വീകരണം നൽകാനെടുത്ത തീരുമാനം ഗണേഷ് പക്ഷത്തിന്റെ വിയോജിപ്പു മൂലം തിരുത്തേണ്ടി വന്നു. തുടർന്ന് പാർട്ടിയുടെ ട്രേഡ് യൂണിയനെക്കൊണ്ട് അടിമാലിയിൽ സ്വീകരണം സംഘടിപ്പിക്കേണ്ടിയും വന്നു.

**ആരോഗ്യം**

# മുരിങ്ങയില നിങ്ങളുടെ ബി.പി. രോഗം ഇല്ലാതാക്കും

**ത**കരയില, മുരിങ്ങയില, തുടങ്ങിയ ദിവ്യ ഔഷധ ഇലകൾ ധാരാളമായി കഴിഞ്ഞ തലമുറകൾ വരെ ഉപയോഗിക്കുമായിരുന്നു. അതിനാൽ ആരോഗ്യവാന്മാരായി കഴിഞ്ഞിരുന്നു. ഇന്നു നാം അറിയുന്ന, അനുഭവിക്കുന്ന രോഗങ്ങൾ അന്നു കേട്ടുകേൾവി പോലും ഇല്ലായിരുന്നു. എന്നാൽ ഇന്നോ, വളരെ ചെറുപ്പം മുതലേ ബി.പി., കൊളസ്ട്രോൾ, ഡയബറ്റിക്സ് തുടങ്ങിയ മാരകമായ രോഗങ്ങളെയാണ് നാം നേരിടുന്നത്.

നിങ്ങൾ മുരിങ്ങയില പതിവായി കഴിക്കാറുണ്ടോ? എങ്കിൽ ടെൻഷൻ വേണ്ട, നിങ്ങൾക്ക് ഈ രോഗങ്ങൾ തീർച്ചയായും വരില്ല; മുരിങ്ങയില കഴിക്കുന്നത് ബി.പി. എന്ന രോഗത്തെ ഇല്ലാതാക്കാൻ സഹായിക്കും. ബി.പി.യെ നിയന്ത്രണത്തിൽ കൊണ്ടുവരുവാൻ കഴിയുന്നതു മാത്രമല്ല, മറ്റ് പല രോഗങ്ങളെയും ഇല്ലാതാക്കാൻ ഈ മുരിങ്ങയില ഒന്നാംതരമാണ്. കണ്ണ്, ഹൃദയം, ചർമ്മം എന്നിവയെയും പലതരത്തിലുള്ള രോഗങ്ങളിൽനിന്നും അകറ്റി നിർത്തുവാൻ കഴിവുള്ള വിറ്റമിൻ എ യുടെ കലവറയാണ് മുരിങ്ങയില. വിറ്റമിൻ എ, ബി1, ബി2, ബി3, സി, കാൽസ്യം, ക്രോമിയം, കോപ്പർ നാരുകൾ, ഇരുമ്പ്, മഗ്നീഷ്യം, ഫോസ്ഫറസ്, പൊട്ടാസ്യം, പ്രോട്ടീൻ, സിങ്ക് എന്നിവയെല്ലാം മുരിങ്ങയിലയിൽ അടങ്ങിയിട്ടുണ്ട്. ഈ ഇലകൾ ശീലമാക്കുന്നത് ബി.പി.യെ നിയന്ത്രിക്കാൻ സഹായിക്കും. അതുപോലെ തകരയിലയ്ക്കും ബി.പി., ഡയബറ്റിക്സ് തുടങ്ങിയ രോഗങ്ങളെ തടയാനും ഇല്ലാതാക്കാനും കഴിവുണ്ട്.

മുരിങ്ങയിലയിൽ അടങ്ങിയിട്ടുള്ള വിറ്റമിൻ സി പകർച്ചവ്യാധികളുടെ അണുക്കൾക്കെതിരെ പൊരുതുവാൻ സഹായകമാണ്. പാലിൽ അടങ്ങിയിരിക്കുന്നതിന്റെ നാലിരട്ടി കാൽസ്യമാണ് മുരങ്ങയിലയിലുള്ളത്. അടിവയറ്റിലെ നീർക്കെട്ട്, സന്ധിവാതം എന്നിങ്ങനെയുള്ള രോഗങ്ങളുടെ ചികിത്സയ്ക്കും മുരിങ്ങയുടെ വിവിധ ഭാഗങ്ങൾ ഉപയോഗിക്കാറുണ്ട്. ശരീരഭാഗങ്ങളിൽ ഉണ്ടാകുന്ന നീര് കുറയ്ക്കുന്നതിനും മുരങ്ങയില സഹായകമാണ്. നാരുകൾകൊണ്ട് സമ്പുഷ്ടമായതിനാൽ ഈ ഹരിതസസ്യം ആമാശയത്തിന്റെ ആരോഗ്യവും കാത്തുസൂക്ഷിക്കുന്നു. പാലൂട്ടുന്ന അമ്മമാർ മുരിങ്ങയില കഴിക്കുന്നതിലൂടെ മുലപ്പാലിന്റെ അളവു കൂടും. തകരയും ഇതേ ഗുണം ചെയ്യുമെന്ന് പഴമക്കാർ പറയുന്നു.

**ഉപകാരസ്മരണ**



**രാമചന്ദ്രൻനായർ**
**തോട്ടുപുറത്തുവടക്കേതിൽ**
**അമയന്നൂർ**

**ഉപകാരസ്മരണ**



**വിപിൻ വർഗീസ്**
**ചൂരപ്പ്ലാമൂട്ടിൽ**
**കൈപ്പട്ടൂർ, പത്തനംതിട്ട – 689648**

# ഗ്രാമ്പൂവിന്റെ സവിശേഷ ഗുണങ്ങൾ

**സി**സിജിയം ആരോമാറ്റിക്കം എന്ന ചെടിയുടെ പൂക്കൾ ഉണക്കിയെടുക്കുന്നതാണ് ഗ്രാമ്പൂ (Clove) അഥവാ കരയാമ്പൂ എന്ന സുഗന്ധവ്യഞ്ജനം. ഇന്ത്യയിലും ചൈനയിലും മറ്റും വർഷങ്ങൾക്കു മുമ്പുതന്നെ ഒരു സുഗന്ധദ്രവ്യം എന്നതിലുപരി ഇതിന്റെ ബഹുവിധത്തിലുള്ള ഔഷധഗുണങ്ങൾ ഉപയോഗപ്പെടുത്തി വന്നിരുന്നു. ഗ്രാമ്പൂവിന്റെ ഔഷധഗുണങ്ങൾ വളരെ ശ്രദ്ധേയവും ശ്രേഷ്ഠവുമാണ്.

**ദഹനം:**

ഗ്രാമ്പൂ ദഹനരസങ്ങളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനു സഹായിക്കുന്നു. അതിനാൽ ഗ്രാമ്പൂ ദഹനപ്രക്രിയയെ സഹായിക്കും. വായുക്ഷോഭം, ഗ്യാസ്ട്രിക് പ്രശ്നങ്ങൾ, അജീർണ്ണം, ഓക്കാനം തുടങ്ങിയ ലക്ഷണങ്ങൾ നിയന്ത്രിക്കുന്നതിന് ഗ്രാമ്പുവിന്റെ ഉപയോഗം പ്രയോജനപ്പെടുന്നു.

**ക്യാൻസറിന്റെ കാരണങ്ങൾക്കെതിരെയുള്ള പ്രവർത്തനം:**

അർബുദത്തെ നിയന്ത്രിക്കുന്നതിന് ഗ്രാമ്പൂ സഹായിക്കുമെന്ന് ലാബ് പഠനങ്ങളിൽ കാണുന്നു. എലികളിൽ നടത്തിയ പഠനത്തിൽ ഗ്രാമ്പൂ നൽകുന്നതുമൂലം ക്യാൻസർ കോശങ്ങളുടെ ഇരട്ടിക്കൽ നിയന്ത്രിക്കാൻ സാദ്ധ്യമാണെന്നു കണ്ടെത്തി.

**ബാക്ടീരിയക്കെതിരെ പ്രവർത്തിക്കുന്നു:**

ഗ്രാമ്പൂവിന് ബാക്ടീരിയകൾക്കെതിരെ പ്രവർത്തിക്കുന്നതിനുള്ള കഴിവുണ്ട്. ഇത് പല ബാക്ടീരിയകൾക്കെതിരെയും ഫലപ്രദമായി പ്രവർത്തിക്കുന്നു. വായിലെ ബാക്ടീരിയകളെ നിയന്ത്രിക്കുന്നതിനും ഒരു വേദനാസംഹാരി എന്ന നിലയിലും ഗ്രാമ്പൂ ഗുണപ്രദമാണ്.

**പ്രമേഹത്തിനെതിരെ പ്രവർത്തിക്കുന്നു:**

ഗ്രാമ്പൂ ചില രീതികളിൽ ഇൻസുലിനെപ്പോലെ പ്രവർത്തിക്കുന്നതിനാൽ രക്തത്തിലെ പഞ്ചസാരയുടെ അളവ് നിയന്ത്രിക്കുന്നതിന് സഹായിക്കുമെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. പ്രത്യേക സസ്യാഹാരങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള ഭക്ഷണം പ്രമേഹ ചികിത്സയ്ക്ക് ഗുണകരമാണെന്നും ഇൻസുലിൻ അനുകരണ ഏജന്റുകളായി ഗ്രാമ്പൂവിൽനിന്ന് ഉത്പാദിപ്പിക്കുന്ന സംയുക്തങ്ങൾക്ക് സാദ്ധ്യമാണെന്നും ഗവേഷകർ പറയുന്നു.

**കരളിന്റെ സംരക്ഷണത്തിനും അത്യുത്തമം:**

ദീർഘകാലം കഴിയുമ്പോൾ കരളിന്റെ ചയാപചയ പ്രവർത്തനങ്ങൾമൂലം ഫ്രീ റാഡിക്കലുകളുടെ ഉത്പാദനം വർദ്ധിക്കുകയും നിരോക്സീകാരികളുടെ സാന്നിദ്ധ്യം കുറയുകയും ചെയ്യുന്നു. ഗ്രാമ്പൂവിൽ ഉയർന്ന അളവിൽ നിരോക്സീകാരികൾ അടങ്ങിയിരിക്കുന്നതിനാൽ കരൾ ഉൾപ്പെടെയുള്ള ഫ്രീ റാഡിക്കലുകളുടെ പ്രവർത്തനങ്ങളിൽനിന്ന് സംരക്ഷിക്കുമെന്നും കരുതുന്നു.

**എല്ലുകൾക്ക് സംരക്ഷണം നൽകുന്നു:**

ഗ്രാമ്പൂവിന്റെ ഹൈഡ്രോ ആൽക്കഹോളിക് സത്തിൽ യൂജിനോൾ, ഫ്ളേവറുകൾ, ഐസോ ഫ്ളേവറുകൾ, ഫ്ളേവനോയിഡുകൾ തുടങ്ങിയ ഫിനോലിക് സംയുക്തങ്ങൾ അടങ്ങിയിരിക്കുന്നു. ഇത്തരം സത്തുകൾ എല്ലിന്റെ സാന്ദ്രതയെയും ധാതുപദാർത്ഥങ്ങളെയും നിലനിർത്താൻ സഹായിക്കുന്നു.

**പ്രതിരോധശേഷി വർദ്ധിപ്പിക്കുന്നു:**

ഗ്രാമ്പൂവിൽ അടങ്ങിയിരിക്കുന്ന സംയുക്തങ്ങൾ ശ്വേതരക്താണുക്കളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനു സഹായിക്കുന്നതിലൂടെ പ്രതിരോധ സംവിധാനം ഉയർത്തുന്നു.

*Printed, Published and owned by* Fr. Dr. C. G. Mathews, St. Jude Dayara, St. Jude Jn., Amayannoor. *Published from* St. Jude Dayara, Amayannoor P. O., Kottayam, *686019 and Printed at* Sonia Offset Printers. Ayarkunnam, Kottayam, *686564. Editor:-* Fr. Dr. C. G. Mathews